മി. സ്പീക്കർ: ഓർഡർ......... ഓർഡർ........ ധനകാര്യം.

പ്രത്യേക പരാമർശം

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പീരുമേട് ജയിലിൽ റിമാന്റിലിരിക്കെ മരിച്ച രാജ്കുമാർ പോലീസ് കസ്റ്റഡിയിൽ ക്രൂരമായ മർദ്ദനത്തിനിടയായിയെന്ന് പോസ്റ്റുമോർട്ടം റിപ്പോർട്ട് വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനുള്ള നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. വളരെ ഗുരുതരമായ രീതിയിൽ വാരിയെല്ല് തകർന്നിട്ടാണ് മരിച്ചതെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ളത്. ഇന്ന് കുറ്റപത്രം കൊടുക്കുമെന്നാണ് പറഞ്ഞത്. അവരുടെ പേരിൽ കൊലകുറ്റത്തിന് കേസ്സെടുക്കണം. എല്ലാ മാധ്യമങ്ങളിലും ഈ വാർത്ത പുറത്തുവന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആരെങ്കിലും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അവർ രക്ഷപ്പെടുന്ന നിലപാട് ഉണ്ടാകില്ലെന്നും ഗൗരവമായ നടപടികളുണ്ടാകുമെന്നും ഞാൻ നേരത്തെതന്നെ വ്യക്തമാക്കിയതാണ്.